
ബൈബിൾ
ട്രൂത്ത്
THE BIBLE TRUTH

# പുതിയ നിയമ സഭ

സ്ഥാപകൻ - ക്രിസ്തു. സ്ഥലം - യെരുശലേം. എപ്പോൾ - എ.ഡി. 33-ൽ.
മത്തായി 16:18 തല - ക്രിസ്തു എഫെ. 1:22 പ്രവൃത്തി 2:5-47
പ്രവൃത്തി 2 തലസ്ഥാനം - സ്വർഗ്ഗം - ഫിലി 3:20

| | | |
|---|---|---|
| സംഘടന എഫെ 3:15 | മൂപ്പന്മാർ | - തീത്തൊ 1:5-7, പ്രവൃത്തി 20:23 1തിമൊ 3:1-7 |
| | ശുശ്രൂഷകന്മാർ | - പ്രവൃത്തി 6:1 1തിമൊ 3:8-13 |
| | അംഗങ്ങൾ | - പ്രവൃത്തി 2:41-47, കൊലൊ 1:13, 1 കൊരി 1:2 |
| സഭയെ അറിയപ്പെട്ടത് എഫെ 3:15 | ദൈവസഭ | - 1കൊരി 1:2, പ്രവൃത്തി 20:28 |
| | ക്രിസ്തുവിന്റെ ശരീരം | - കൊലൊ 1:13, എഫെ 1:22-23 |
| | ക്രിസ്തുവിന്റെ സഭകൾ | - മത്താ. 16:18, റോമർ 16: 16 |
| | ക്രിസ്തുവിന്റെ മണവാട്ടി | - റോമർ 1:4, വെളി. 21:9 |
| അംഗങ്ങളെ അറിയപ്പെട്ടത് എഫെ 3:15 | ശിഷ്യന്മാർ | - യോഹ. 15:8, പ്രവൃത്തി 11:26 |
| | വിശുദ്ധന്മാർ | - റോമർ 1:7, 1 കൊരി 1:2, ഫിലി. 1:1 |
| | സഹോദരന്മാർ | - ലൂക്കോ 8:21, ഗലാത്യർ 6:1 |
| | മക്കൾ | - ഗലാത്യർ 3:26, 1 യോഹ 2:1 |
| | ക്രിസ്ത്യാനികൾ | - പ്രവൃത്തി 11:26, 26:28, 1 പത്രൊ 4 :16 |
| വിശ്വാസ നിയമവും | ദൈവവചനം | - മത്തായി 28:18-20, 2 തിമൊ. 3:16-17 2 പത്രൊ 1:3 |
| പരിശീല നവും | പാട്ട് | - കൊലൊ 3:16, എഫെ 5:19, 1 കൊരി 14:15, എബ്രാ 2:12 |
| | പ്രാർത്ഥന | - 1തെസ 5:17 |
| | പ്രസംഗം | - പ്രവൃത്തി 5:42 |
| ആരാധന | കർത്തൃമേശ | - പ്രവൃത്തി 20:7, 1 കൊരി 11:23 |
| | ധർമ്മ ശേഖരം | - 1 കൊരി 16:1-2 |
| ദൗത്യം | ആത്മാക്കളെ രക്ഷിക്കൽ | - മത്താ. 5:13-16, യോഹ 15:8-16, 1 തിമൊ 4:16 |
| മുന്നറിയിപ്പ് | വിശ്വസ്തരായിരിക്കണം | - മത്തായി 15:9, 15:13, ഗലാ. 1:6-8, 2 യോഹ. 9-10 |

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 19** **MAY** **2005** **No. 2**

## *എഡിറ്റോറിയൽ*

മനുഷ്യ ജീവിതം ഇന്നു അതി വേഗതയിൽ നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതു പരക്കേ പറഞ്ഞുകേൾക്കുന്ന യാഥാർത്ഥ്യമാണ്. ഓരോ ദിവസവും അനവധി കാര്യങ്ങൾ ചെയ്തു തീർക്കേണ്ട ബദ്ധപ്പാടിലാണ് ആളുകൾ. ഒന്നിനും അവർക്കു മതിയായ സമയം കിട്ടുന്നില്ല എന്ന പരാതിയും കേൾക്കാറുണ്ട്. ചില കാര്യങ്ങൾക്കു സമയം കിട്ടുന്നില്ല എന്നു പറയുന്ന പരിഭവക്കാരും ഉണ്ട്. വാസ്തവത്തിൽ പണ്ടു ജീവിച്ചിരുന്ന ആളുകൾ വളരെ സമയം എടുത്തു കാര്യങ്ങൾ ചെയ്തിരുന്നു. അവർക്കു ഇഷ്ടം പോലെ സമയം ഉണ്ടായിരുന്നു അവർ ആഹാരം കഴിക്കുന്നതിനുള്ള മിക്കവാറും സാധനങ്ങൾ അദ്ധ്വാനിച്ചുണ്ടാക്കിയിരുന്നു. അതു പാചകം ചെയ്തു കഴിക്കുവാനും അവർക്കു സമയം ഉണ്ടായിരുന്നു. സമയം അന്നും ഇന്നും ഒന്നു പോലെ തന്നെയാണ് മനുഷ്യർക്കുള്ളത്. ഒരു ദിവസം ആളുകൾക്ക് 24 മണിക്കൂർ കിട്ടുന്നുണ്ട്. പണ്ടു അതു കൂടുതൽ ഇല്ലായിരുന്നു. എന്നാൽ എവിടെയാണ് ഈ പ്രശ്നം കിടക്കുന്നത്? അതു നാം കണ്ടെത്തിയാലേ കാരണവും പ്രതിവിധിയും തേടാൻ പറ്റുകയുള്ളൂ. നമ്മുടെ മനസ്സിൽ കടന്നു കൂടിക്കിടക്കുന്ന അനവധി കാര്യങ്ങളുടെ ആധിക്യം കൊണ്ടുണ്ടാകുന്നു എന്നു പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്.

നമ്മുടെ പൂർവ്വികന്മാർ ഉള്ളതിൽ തൃപ്തരായിരുന്നു. കാർഷികവൃത്തി ചെയ്യുന്നവർ അതിൽ തൃപ്തി കണ്ടെത്തി. വ്യാപാരം ചെയ്യുന്നവർ അതിൽ തൃപ്തി കണ്ടെത്തി. അതിൽ നിന്നു ലഭിക്കുന്ന വരുമാനത്തിൽ അവർ ഒതുങ്ങി ജീവിച്ചു. അടിസ്ഥാനപരമായി

അവർ ദൈവഭയമുള്ളവരായിരുന്നു. ഇന്നത്തേ പോലെ ഉപദേഷ്ടാക്കന്മാരുടെ പെരുപ്പമോ ദുരുപദേശത്തിന്റെ പ്രചാരമോ അധികമായി അനുഭവപ്പെട്ടിരുന്നില്ല. അവർ തങ്ങളുടെ അറിവ് എന്തു തന്നെയായാലും അതിൽ നിലനിന്നിരുന്നു. പക്ഷെ ശാരീരികമായി അവർ അദ്ധ്വാനിക്കുന്നവരായിരുന്നു. അതിനവർക്കു യാതൊരു വൈമുഖ്യവും ഇല്ലായിരുന്നു സമയാസമയങ്ങളിൽ ഓരോ കാര്യവും അവർ ചെയ്തിരുന്നു എന്ന പ്രത്യേകത പഴയ ആളുകളുടേതായിരുന്നു. ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണ്. ആളുകൾ ശാരീരികമായ അദ്ധ്വാനത്തേക്കാൾ ബുദ്ധി ഉപയോഗിക്കുന്നതിലാണ് അധികം പേർക്കും താല്പര്യം. മാനസിക, സമ്മർദ്ദം പലരിലും ഉണ്ടാകുവാൻ കാരണം ഇതാണ്. സത്യസന്ധത പണ്ടത്തെ ആളുകളുടെ പ്രധാന സ്വഭാവമായിരുന്നു. പക്ഷെ ഇന്നത്തെ തലമുറ അതിനു വലിയ പ്രാധാന്യം കൊടുക്കുന്നതായി കാണുന്നില്ല.

ധാരാളം കാര്യങ്ങളിൽ വ്യാപൃതരാകുന്ന ഇപ്പോഴത്തെ ജനങ്ങൾ മാനസികമായും ശാരീരികമായും രോഗികളായി തീരുന്നതു കാണാം. അത്യാഗ്രഹം, ദ്രവ്യാഗ്രഹം, ഡംഭം എന്നിവ അധികം ആളുകളേയും ബാധിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് ബഹുവിധമായ ജോലികളോ വ്യവസായമോ ചെയ്യുന്നതു. അതു അവരെ മാനുഷിക മൂല്യങ്ങളിൽ നിന്നു അകറ്റുന്നു. ആത്മീയ കാര്യങ്ങൾക്കു സമയമില്ല എന്നു പറയുന്നവർ യാദൃശ്ചികമായി കിടപ്പിലായാൽ അവർക്കു വിശ്രമിക്കാൻ സമയം നിർബന്ധമായി കിട്ടും. ആധുനിക ജീവിതരീതിയിൽ വന്ന മാറ്റവും അമിത ജോലിയും ആളുകളെ ക്ലേശത്തിലാക്കുന്നതായിട്ടാണ് കാണുന്നത്. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന ചിന്തയിലേയ്ക്കു ജനങ്ങൾ മടങ്ങി വരണം. മനോഭാവം മാറണം. സാമ്പത്തിക ഭദ്രത ഉണ്ടെങ്കിൽ എല്ലാം ആയി എന്ന തോന്നൽ മാറ്റണം. അന്യോന്യമുള്ള ബന്ധം ദൈവത്തോടു കൂടെയുള്ള ബന്ധം അത്യാവശ്യമാണ്. ദൈവം നമുക്കു നൽകിയിരിക്കുന്ന ആയുസ് ദൈവഹിതപ്രകാരം ഉപയോഗിക്കണം മുൻഗണനാക്രമത്തിന് പ്രാധാന്യമുണ്ട്. മുൻപ് ചെയ്യേണ്ടതു മുൻപു ചെയ്യാനുള്ള സന്നദ്ധത എല്ലാവരിലും വേണം. ദൈവത്തെ അറിഞ്ഞു ദൈവകല്പന പ്രമാണിച്ച് ജീവിതത്തെ ക്രമപ്പെടുത്തിയാൽ നമുക്കു ഏതു കാര്യത്തിനും സമയം കണ്ടെത്താൻ കഴിയും. അബദ്ധങ്ങളിൽ ചാടാതിരിക്കും. ദൈവത്തിൽ നിന്നുള്ള രക്ഷ ആസ്വദിക്കയും ചെയ്യാം.

★

# സ്വർഗ്ഗീയ ഭാഷയുണ്ടോ?

## ജെ.സി ചോട്ട്

ലോകത്തിൽ വിവിധ ഭാഷകൾ ഉണ്ട്. മനുഷ്യർക്കു "അന്യോന്യം" ആശയ വിനിമയം ചെയ്യുന്നതിനാണ് ഭാഷകൾ. ഇതു സാമാന്യ ബുദ്ധിയുള്ളവർക്കു അറിയാവുന്നതാണ്. നല്ലൊരു ശതമാനം വിശ്വാസികൾ, ദൈവജനത്തിനു അന്യഭാഷ സംസാരിക്കുവാൻ കഴിയുമെന്ന പെന്തെകൊസ്തു ഉപദേശം സ്വീകരിച്ചിരിക്കുന്നവരാണ്. ഇതു അവർക്കു പരിശുദ്ധാത്മാഭിഷേകം ലഭിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ് എന്നവർ പറയുന്നു. തെളിവില്ലാതെ അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നവരുടെ ഭാഷയെ ചോദ്യം ചെയ്യുമ്പോൾ അവരിൽ ചിലർക്ക് അതിഷ്ടപ്പെടാറില്ല. അതൊരു ഭാഷയല്ല എന്നു വ്യക്തമാക്കുമ്പോൾ അവർ പറയുന്നതു ഇതൊരു സ്വർഗ്ഗീയ ഭാഷയാണ്; മനുഷ്യർക്കു മനസ്സിലാകുകയില്ല; ദൈവത്തിനു മാത്രമേ മനസ്സിലാകുകയുള്ളു എന്നു പറയും. പക്ഷേ ബൈബിളിൽ അത്തരം ഭാഷയെക്കുറിച്ചു പറയുന്നില്ല. പിന്നെയല്ലേ അതിന്റെ ഉദ്ദേശത്തെ കുറിച്ചു ചിന്തിക്കുവാൻ.

ഈ അന്യഭാഷ സംസാരിക്കുന്നവരുടെ "അറിയപ്പെടാത്ത ഭാഷകൾ" ശ്രദ്ധിച്ചു കേൾക്കുകയാണെങ്കിൽ ശബ്ദം ഏതാണ്ട് ഒരു പോലെയായിരിക്കും. അന്യഭാഷയിൽ സംസാരിച്ചിട്ടില്ല എന്നു വരികിൽ ആത്മാവില്ല എന്നു പറഞ്ഞു അന്യഭാഷയിൽ സംസാരിക്കുവാൻ ആളുകളെ നിർബന്ധിക്കാറുണ്ട്. ചിലർ മറ്റുള്ളവരുടെ സമ്മർദ്ദത്താൽ അന്യഭാഷ സംസാരിക്കുന്നവരെ അനുകരിച്ചു ശബ്ദം പുറപ്പെടുവിക്കും. കാരണം അവർ മോശക്കാരല്ല എന്നു വരുത്തി തീർക്കുവാൻ. ഇതു തികച്ചും മറ്റുള്ളവരെ വഞ്ചിക്കുന്നതാണ്. ആത്മീയമായി ആളുകളെ വഴി തെറ്റിക്കുന്ന പല രീതികളിൽ ഒന്നാണ്. ആത്മാർത്ഥതയുള്ള പലരും അന്ധമായി ഇരുന്ന് ഇതു അനുകരിച്ചു പോകും. സത്യം എന്താണെന്ന് വചനത്തിൽ നോക്കി മനസ്സിലാക്കുകയാണു വേണ്ടത്.

ചിലരുടെ അന്യഭാഷ വിദേശത്തുള്ള ഭാഷയാണെന്നു തെളിയിക്കുവാൻ ശ്രമിക്കാറുണ്ട്. എന്നാൽ അവർ ഒരിക്കലും ആ ഭാഷ പഠിച്ചിട്ടില്ല എന്നതാണ് വാസ്തവം. അവർ ഇങ്ങനെ അവകാശപ്പെടുവാൻ കാരണം, അവരുടെ മദ്ധ്യേ വന്ന ആരെങ്കിലും സംസാ

രിച്ച ശബ്ദത്തിൽ ചില വാക്കുകൾ അവരുടെ ഭാഷയിലേതാണ് എന്നു പറഞ്ഞിട്ടുണ്ട് എന്നതാണ്. പക്ഷെ എല്ലാ വാക്കുകളും അവരുടെ ഭാഷയിലേതല്ല എന്നും പറഞ്ഞിട്ടുണ്ട്. സംഘടിപ്പിക്കപ്പെട്ട യോഗത്തിലെ സന്ദേശത്തിൽ അവർ സംസാരിച്ച സന്ദേശത്തിലാണ് ഇങ്ങനെ സംഭവിച്ചത്. ബുദ്ധിയുള്ള, വിവേകമുള്ള ആർക്കും അറിയാം, ഭാഷ എന്നതു വിവിധരീതിയിലുള്ള ശബ്ദങ്ങളാണ്. നിങ്ങൾ പുറപ്പെടുവിക്കുന്ന ശബ്ദം എന്തു തന്നെയായാലും ചില ശബ്ദങ്ങൾ ഭാഷയിലെ വാക്കു തന്നെയായിരിക്കും. അങ്ങനെ സംസാരിക്കുന്നതു ഒരു വിദേശി കേൾക്കുമ്പോൾ അയാൾ തിരിച്ചറിയുകയും ഇതു തങ്ങളുടെ ഭാഷയാണെന്നു സമ്മതിക്കുകയും ചെയ്യും. അതിനർത്ഥം അയാൾ സംസാരിക്കുന്നതു മുഴുവൻ അന്യഭാഷയാണ് എന്നതല്ല. സ്പഷ്ടമായ വാചക ഘടനയോടെ ദൈവത്തിന്റെ വൻകാര്യങ്ങൾ അങ്ങനെ തന്നെ പറയാൻ കഴിയുമെങ്കിൽ തീർച്ചയായും അതു വചനാനുസരണം എന്നു പറയാം. അല്ലെങ്കിൽ അവിശ്വസനീയം തന്നെ.

ഇതിനു വിപരീതമായി പൊതുവിലുള്ള ഒരു പരിശീലനം അവർക്കിടയിൽ കാണപ്പെടുന്നത് ലോകത്തിൽ മിക്ക സ്ഥലങ്ങളിലും പോയി പ്രസംഗം നടത്തുന്നവർ തർജ്ജിമക്കാരെ ഉപയോഗിക്കുന്നുണ്ട്. അവർ തയ്യാറാക്കുന്ന ലഘുലേഖകൾ തർജ്ജിമ ചെയ്യുവാൻ പ്രദേശികമായി ആളുകളെ ഏല്പിക്കാറുണ്ട്. അന്യഭാഷ കൈകാര്യം ചെയ്യാനറിയാവുന്നവർക്കു അതിന്റെ ആവശ്യമില്ലല്ലോ. പരിശുദ്ധാത്മാഭിഷേകം ലഭിച്ചിരിക്കുന്നു എന്നും അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന അതേശക്തി തങ്ങൾക്കും ഉണ്ടെന്നും അവകാശപ്പെടുന്നവർ തമിഴ് നാട്ടിലോ, ആന്ധ്രാപ്രദേശത്തോ പോകുമ്പോൾ അവിടെ അവർ പ്രസംഗിക്കുന്നതു തർജ്ജിമ ചെയ്യുവാൻ ഇവിടെ ഉള്ളവരോടു പറയുന്നു. അവരുടെ പ്രസംഗ മദ്ധ്യേ അന്യഭാഷ ഉപയോഗിക്കയില്ല. ഇതു വിരോധാഭാസമല്ലെങ്കിൽ പിന്നെ എന്താണ്? അപ്പൊസ്തലന്മാർ ആരും അതുപോലെ ആയിരുന്നില്ല

മറിച്ചു അപ്പൊസ്തലന്മാർ അന്യഭാഷയിൽ സംസാരിച്ചതു പരിശുദ്ധാത്മശക്തി അവരിൽ വന്നപ്പോഴായിരുന്നു (പ്രവൃത്തി2:1-4). അന്നു അവിടെ കൂടി വന്ന ഓരോരുത്തരുടേയും ഭാഷയിൽ അവർക്കു മനസിലായി. "അപ്പൊസ്തലന്മാർ എല്ലാവരും

പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയപോലെ അന്യഭാഷയിൽ സംസാരിച്ചു തുടങ്ങി. അന്നു ആകാശത്തിൻ കീഴുള്ള സകല ജാതികളിൽ നിന്നും യെരുശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി. ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി. എല്ലാവരും ഭ്രമിച്ചു ആശ്ചര്യപ്പെട്ടു. ഈ സംസാരിക്കുന്നവർ എല്ലാം ഗലീലക്കാർ അല്ലയോ? പിന്നെ നാം ഓരോരുത്തൻ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ അവർ സംസാരിച്ചു കേൾക്കുന്നതു എങ്ങനെ?" (പ്രവൃത്തി 2:4–8).

പരിശുദ്ധാത്മാവു കൊണ്ടു സ്നാനം ലഭിച്ച അപ്പൊസ്തലന്മാർ അന്നു അന്യഭാഷയിൽ സംസാരിച്ചതു അന്നു കൂടിവന്നവർക്കു മനസിലായി. കാരണം അതു അവർ ജനിച്ചു വളർന്നപ്പോൾ സംസാരിച്ചു തുടങ്ങിയ ഭാഷയായിരുന്നു. അതു അത്ഭുതമായിരുന്നു. അവർ സംസാരിച്ചതു സ്വർഗ്ഗീയ ഭാഷയായിരുന്നില്ല. ആർക്കും മനസിലാക്കാൻ പറ്റാത്ത ശബ്ദവുമായിരുന്നില്ല. മറിച്ചു ബുദ്ധിയോടെയാണ് സംസാരിച്ചത്. അതു വാസ്തവത്തിലുള്ള ഭാഷയായിരുന്നു. ആ പ്രസംഗം കൂടിവന്നവർക്കു മനസിലായി.

പ്രയോജനമുള്ള രീതിയിലാണ് അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു പ്രവർത്തിച്ചത്. അന്നു അങ്ങനെ പ്രവർത്തിച്ചു എങ്കിൽ ഇന്നു വ്യത്യസ്ഥമായി പ്രവർത്തിക്കുന്നതിന്റെ ഉദ്ദേശം എന്താണ്?.

അന്യഭാഷയിൽ സംസാരിക്കുന്നു എന്നവകാശപ്പെടുന്നവർ അതു സ്വർഗ്ഗീയ ഭാഷയാണെന്നു പറയുമ്പോൾ, പരിശുദ്ധാത്മാവ്, ആളുകൾക്കു മനസിലാക്കാൻ പറ്റാത്ത ഭാഷ സംസാരിക്കുവാൻ ഇവരെ സഹായിക്കുന്നതിന്റെ ഉദ്ദേശം എന്താണ്?. സഭായോഗത്തിൽ ആളുകൾ കൂടിവരുമ്പോൾ വരുന്നവർക്കു ആത്മീയ വർദ്ധനവ് ഉണ്ടാകണം. മനസിലാകാത്ത ഭാഷയിൽ സംസാരിച്ചാൽ അതെങ്ങനെ സംഭവിക്കും. തിരുവെഴുത്തിൽ ദൈവികമായ ഉദ്ദേശം വ്യക്തമാക്കിയിട്ടുണ്ട്. അതു ഓരോരുത്തർക്കും ആത്മിക വളർച്ചയ്ക്കു വേണ്ടിയാണ്. നാം കാര്യകാരണ സഹിതം വിവേചിച്ചു മനസിലാക്കുവാൻ തയ്യാറായാൽ അബദ്ധം ഒഴിവാക്കാം. ആരും നമ്മെ സത്യത്തിൽ നിന്നു വ്യതിചലിപ്പിക്കാതിരിക്കട്ടെ.

★

# ക്രിസ്തുവും സഭയും

ജോണി രാംസെ

ഏതാണ്ട് രണ്ടായിരം ആണ്ടുകൾക്കു മുൻപ് നമ്മുടെ അനുഗ്രഹിക്കപ്പെട്ട കർത്താവു തന്റെ മഹത്വകരമായ സഭ സ്ഥാപിക്കുമെന്നു വാഗ്ദാനം ചെയ്തു. യേശു ഈ വാക്കുകൾ പുറപ്പെടുവിച്ചപ്പോൾ (മത്തായി 16:18) ഭൂതങ്ങൾ വിറച്ചു കാണും. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല". പത്രോസ് അപ്പോൾ ഏറ്റു പറഞ്ഞതു കർത്താവിന്റെ ദൈവികത്വത്തെയാണ്. അല്ലാതെ പ്രാമുഖ്യത്തെയല്ല. പത്രോസ് തന്നെ അതു വ്യക്തമാക്കുന്നുണ്ട്(പ്രവൃത്തി4:41–42,1പത്രൊസ്2:5–7). ക്രിസ്തു എന്ന മൂലക്കല്ലിന്മേൽ ആണ് ക്രിസ്ത്യാനിത്വം പണിയപ്പെട്ടത്. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും അധികാരമില്ല (1കൊരിന്ത്യർ 3:11). അങ്ങനെ ചെയ്താൽ അതു നിലനിൽക്കുകയുമില്ല.

ദൈവശ്വാസിയ വാക്കുകളാൽ, പരിശുദ്ധാത്മനിയോഗത്താൽ വളരെ മനോഹരമായിത്തന്നെ അപ്പൊസ്തലൻ സഭയെയും ക്രിസ്തുവിനേയും പറ്റി വിവരിക്കുന്നുണ്ട്. "ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവു" ഭാര്യയ്ക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിനു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം. ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരേയും സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി ശുദ്ധീകരിക്കേണ്ടതിനും കറ , ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമാക്കി തനിക്കു തന്നെ തേജസ്സോടെ മുൻനിർത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്തശരീരങ്ങളെപോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ. ക്രിസ്തുവും സഭയെ ചെയ്യുന്നതു പോലെ അതിനെ പോറ്റി പുലർത്തുകയത്രെ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങൾ അല്ലോ. അതു നിമിത്തം ഒരുമനുഷ്യൻ അപ്പനേയും അമ്മയേയും

വിട്ടു ഭാര്യയോടു പറ്റിച്ചേരും ; ഇരുവരും ഒരു ദേഹമായിതീരും. ഈ മർമ്മം വലിയതു; ഞാൻ ക്രിസ്തുവിനേയും സഭയേയും ഉദ്ദേശിച്ചത്രെ പറയുന്നതു. എന്നാൽ നിങ്ങളും അങ്ങനെതന്നെ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപോലെ തന്നെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു(എഫെസ്യർ5:23-32).

യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുന്നു എന്നു സങ്കീർത്തനക്കാരൻ വെളിപ്പെടുത്തിയിരിക്കുകയാണ് (സങ്കീർത്തനങ്ങൾ 127:1). സഭ എന്നതു ദൈവത്തിന്റെ ആത്മീയ ഭവനമാണ്. യേശു നമ്മുടെ മൂത്ത സഹോദരനാണ്. പിതാവിന്റെ ഇഷ്ടത്തെ അനുസരിക്കുക എന്നത് വീട്ടിലുള്ള മറ്റു അംഗങ്ങളുടെ കർത്തവ്യമാണ്. എങ്കിലേ അവർക്കു പിതാവിന്റെ അവകാശങ്ങൾക്കു ഓഹരി ലഭിക്കയുള്ളൂ. എല്ലാവരും പിതാവിനോടു വിശ്വസ്തത പുലർത്തണം. ആത്മാർത്ഥമായി ജീവിക്കുന്നവരാകണം ദൈവത്തിന്റെ മക്കൾ. തന്നിഷ്ടക്കാരെ ദൈവം വെറുക്കുന്നു. സത്യഭവനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ വചനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നാം അതു നോക്കി മനസ്സിലാക്കി ജീവിക്കണം. ദൈവാലയത്തിൽ കാര്യങ്ങൾ എങ്ങനെ ചെയ്യണമെന്ന് നാം അറിയേണ്ടതിനു ദൈവം എഴുതിയിരിക്കുന്നതാണ് ഈ വചനം(1 തിമൊഥെയൊസ് 3:15).

സഭയ്ക്കു വലിയ പ്രാധാന്യം കൊടുക്കാത്ത അനേകർ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്നവർ ഉണ്ട്. എന്നാൽ സഭയുടെ പ്രാധാന്യം മാനുഷിക ബുദ്ധിയേക്കാൾ വലുതാണ്. യേശുക്രിസ്തു മരിച്ചതും രക്തം കൊടുത്തതും സഭയെ സമ്പാദിക്കുന്നതിനായിരുന്നു. പിശാചിന്റെ അടിമത്വത്തിലായിരുന്ന മനുഷ്യ വർഗ്ഗത്തെ മോചിപ്പിക്കാൻ കർത്താവു യാഗമായി തീർന്നു. യേശു മരിച്ചില്ലായിരുന്നു എങ്കിൽ നാം ഇന്നും പാപത്തിൽ തന്നെ കഴിയേണ്ടി വരുമായിരുന്നു. തന്റെ സ്വന്തം രക്തം കൊടുത്തു സമ്പാദിച്ച സഭയെന്നാണ് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് (പ്രവൃത്തി 20:28). തലമുറ തലമുറയായി ക്രിസ്തുവിനു മഹത്വം കൊടുക്കേണ്ടതു സഭയിലാണ് (ഫിലിപ്പിയർ 3:21). സഭ ക്രിസ്തുവിനുള്ളതാണ്. ക്രിസ്തുവാണ് സഭയുടെ തല. തലയിൽ നിന്നാണ് ശരീരത്തിനു വേണ്ടതായ നിർദ്ദേശങ്ങൾ ലഭിക്കുന്നതു. അതുപോ

ലെ കർത്താവിൽ നിന്നാണ് തന്റെ സഭയ്ക്കു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നത്.

യേശുക്രിസ്തു ലോകത്തെ ജയിച്ചവനാണ്. ആ ക്രിസ്തു മുഖാന്തരം നാം ദൈവത്തെ മഹത്വപ്പെടുത്തണം. മനുഷ്യ നിർമ്മിത സഭയിൽ മനുഷ്യർക്കും മനുഷ്യ ഉപദേശങ്ങൾക്കും ആണ് അവർ മഹത്വം കൊടുക്കുന്നത്. അതുകൊണ്ട് സഭയിൽ നിന്നു കർത്താവിനേയും, കർത്താവിൽ നിന്നു സഭയേയും വേർപെടുത്താവുന്നതല്ല. കർത്താവിന്റെ സഭയെ മറ്റൊരു മതസംഘടനയുമായി താരതമ്യം ചെയ്യാവുന്നതല്ല. കാരണം ക്രിസ്തുവിന്റെ സഭ തികച്ചും ആത്മികമാണ്. ലോകത്തിൽ നിന്നും പാപത്തിൽ നിന്നും വേർതിരിക്കപ്പെട്ട് ദൈവിക കാഴ്ചപ്പാടുണ്ടാകേണ്ടവരാണ് സഭ. ക്രിസ്തു തന്റെ സഭയുടെ കർത്താവാണ്. സഭയെ പോറ്റി പുലർത്തുന്നവനാണ് കർത്താവ്.

മരണത്തെ അതിജീവിച്ച കർത്താവു, ഉയിർത്തെഴുന്നേറ്റു ഇന്നും ജീവിക്കുന്നവനും തന്റെ സഭയിലുള്ളവരെ വാഴുന്നവനുമാണ് നമുക്ക് ഉള്ളത്. കൃപയും സമാധാനവും മനുഷ്യർക്കു കിട്ടുന്നതു ദൈവത്തിൽ നിന്നും ക്രിസ്തുവിൽനിന്നുമാണ്. അവൻ ഉയിർത്തെഴുന്നേറ്റു വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയായി നിർണ്ണയിക്കപ്പെടുകയും ചെയ്തു. വിശുദ്ധീകരിക്കപ്പെടുന്നതു കർത്താവിന്റെ രക്തത്താലും വചനത്താലുമാണ്. അങ്ങനെ വിശുദ്ധീകരിക്കപ്പെട്ടവർ തുടർന്നു അങ്ങനെ തന്നെ കാണപ്പെടേണ്ടതിനുള്ള പരിശീലനസ്ഥാപനമാണ് സഭ. നമ്മുടെ നിലവാരം ഉയരണം. അതാണ് ദൈവത്തിന്റെ ആഗ്രഹം.

അവസാനത്തെ ശത്രുവായ മരണം നീങ്ങി പോകുവോളം കർത്താവു വാഴും. അവന്റെ രാജ്യമാകുന്ന സഭയിൽ നാം ആത്മസന്തോഷവും സംതൃപ്തിയും പ്രാപിക്കും (റോമർ 14:17). ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം സഭായോഗത്തിനു കൂടി വരുമ്പോൾ ദൈവം അരുളിച്ചെയ്ത വചനം കേൾക്കുന്നു. ദൈവ പരിജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നതു അവന്റെ സഭയിലാണ്. സകല ആത്മികാനുഗ്രഹങ്ങളും തന്റെ സഭയിലാണ് വെച്ചിരിക്കുന്നത്. രക്ഷിക്കപ്പെടുന്നവരെ ചേർത്തിരിക്കുന്ന സഭ ക്രിസ്തുവിനോടു കൂട്ടായ്മ ആചരിക്കുന്നവരാണ്. ക്രിസ്തുവിൽ വസിച്ചിട്ടല്ലാതെ നമുക്കു ഫലം കായ്പാൻ സാദ്ധ്യമല്ല. സഭയിൽ വസിക്കുന്നവർക്കു ആനന്ദവും പ്രമോദവും ലഭിക്കുന്നു. കാരണം അവർ ദൈവത്തെ പ്രസാദിപ്പിക്കുന്നവർ ആണ്.

ലോകാവസാനം കർത്താവു വീണ്ടും വരുമ്പോൾ അവൻ തന്റെ സഭയെ പിതാവിനു ഏല്പിച്ചു കൊടുക്കുവാനാണ് വരുന്നത്. അതുകൊണ്ട് നാം അവസാനത്തോളം അവന്റെ സഭയിൽ ഉണ്ടായിരിക്കണം (1കൊരിന്ത്യർ 15:23-25). അതുകൊണ്ട് പറഞ്ഞിരിക്കുന്നതു മരണപര്യന്തം വിശ്വസ്തരായിരിക്കണമെന്നാണ് (വെളിപ്പാട്2:10). ഇടയ്ക്കു തെറ്റിപോകുന്നവർ മാനസാന്തരപ്പെടണം. അല്ലെങ്കിൽ ഛേദിക്കപ്പെടും. നിങ്ങൾ കർത്താവിന്റെ സഭയിൽ അംഗമായിട്ടില്ലെങ്കിൽ ഇന്നു തന്നെ അതിനുള്ള വചനം അനുസരിക്കുക. കർത്താവ് വീണ്ടും വരുമ്പോൾ നിങ്ങൾ ക്രിസ്തുവിന്റെ സഭയിൽ വിശ്വസ്ത ജീവിതം നയിക്കുന്ന വ്യക്തിയായിതീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

★

## പരിവർത്തനത്തിൽ പരിശുദ്ധാത്മാവ്

### ലിയോൺ കോർ

മറ്റു മതപരമായ വിഷയങ്ങളെ അപേക്ഷിച്ച് പരിശുദ്ധാത്മാവിനെകുറിച്ചു ആളുകൾ മനസ്സിലാക്കിയിരിക്കുന്നതു കുറച്ചു മാത്രമാണെന്നു തോന്നുന്നു. പരിശുദ്ധാത്മാവിനെ അനേകർ ഒരു ശക്തിയായിട്ടോ അല്ലെങ്കിൽ വെറുമൊരു ആശയമായി മാത്രം ഒതുക്കി നിർത്തുന്നു. വേറെ ചിലർ അവനെ കാണുന്നതു ഒരു മായാരൂപമായിട്ടാണ്. പറഞ്ഞിരിക്കുന്നതിനേക്കാൾ അനുഭവിച്ചറിയണം എന്നാണ് അവരുടെ പക്ഷം. എന്നാൽ ബൈബിളിൽ ദൈവികത്വത്തിലെ മൂന്നു വ്യക്തികളിൽ ഒരാളായിട്ടാണ് പരിശുദ്ധാത്മാവിനെ പരിചയപ്പെടുത്തുന്നത്.

സൃഷ്ടിയുടെ സ്ഥിതിവിവരങ്ങൾ നല്കുമ്പോൾ പരിശുദ്ധാത്മാവിനെ ആദ്യമായി വെളിപ്പെടുത്തിയിരിക്കുന്നു(ഉല്പ ത്തി1:2). വിശ്വാസികൾ സ്നാനമേല്ക്കുവാൻ പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിന്റെ നാമത്തിലാണ്. (മത്തായി 28:19). സത്യാത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ അപ്പൊസ്തലന്മാരിൽ അയയ്ക്കുമെന്നു യേശു അവരോടു വാഗ്ദാനം ചെയ്തിരുന്നു (യോഹന്നാൻ 14:16-17). ദൈവത്തോടും പുത്രനോടും കൂടെ ഈ വാക്യത്തിലും മറ്റു വാക്യങ്ങളിലും പരിശുദ്ധാത്മാവിനെ എടുത്തു കാണിക്കുന്നുണ്ട്.

ഒരു വ്യക്തിക്കുളള സ്വഭാവഗുണങ്ങൾ പരിശുദ്ധാത്മാവിനുളളതായി തിരുവെഴുത്തു വ്യക്തമാക്കുന്നുണ്ട്. "എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുളള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും"(യോഹന്നാൻ 14:26). ആത്മാവ് തെളിവായി സംസാരിക്കുന്നു എന്നാണ് പറഞ്ഞിട്ടുളളത്(1തിമൊഥെയോസ് 4:1). പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുതു എന്നു മുന്നറിയിച്ചിരിക്കുന്നു(എഫെസ്യർ 4:30).ദൈവത്തിലുളളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല (1കൊരിന്ത്യർ 2:11). അതുകൊണ്ട് പരിശുദ്ധാത്മാവിനു ഗ്രഹിക്കാനുളള കഴിവുണ്ട്. നമ്മുടെ ബലഹീനതയ്ക്കു പരിശുദ്ധാത്മാവു തുണനിൽക്കും (റോമർ 8:26). അവൻ ഉപദേശിക്കും, ഓർമ്മപ്പെടുത്തും, ഗ്രഹിക്കുന്നവൻ, സഹായിക്കുന്നവൻ, ദു:ഖിക്കുന്നവൻ എന്നെല്ലാം പറയുമ്പോൾ വ്യക്തിയെന്നല്ലാതെ മറ്റെന്തു പറയാൻ കഴിയും.

പരിശുദ്ധാത്മാവു വ്യക്തിയായതുകൊണ്ട് മറ്റൊരാളെ സ്വാധീനിക്കാൻ കഴിയും. അമിതവും അനിയന്ത്രിതവുമായ കാര്യങ്ങൾ ആത്മാവിന്റെ പ്രവർത്തനമാണെന്നു തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുണ്ട്. തീർച്ചയായും പരിശുദ്ധാത്മാവു വളരെ ശക്തമായി അപ്പൊസ്തലന്മാരിൽ പ്രവർത്തിച്ചിട്ടുണ്ട്. അത്ഭുതകരമായി അതു മറ്റുളളവർക്കു അനുഭവപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷെ ആത്മാക്കളുടെ പൊതു പ്രയോജനത്തിനു വേണ്ടിയായിരുന്നു. വചനം പൂർണ്ണമായി ജനങ്ങളിൽ എത്തിക്കുന്നതിനു മുൻപുമായിരുന്നു. ആളുകൾക്കു മനസിലാക്കുവാൻ കഴിയുന്ന വിധത്തിലായിരുന്നു ആത്മാവു പ്രവർത്തിച്ചതു.

പാപികളെ പരിശുദ്ധാത്മാവ് എങ്ങനെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയെന്നും പരിവർത്തനത്തിലേയ്ക്കു നയിച്ചു എന്നും പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്പൊസ്തലന്മാർ എല്ലാവരും കർത്താവിന്റെ കല്പന പ്രകാരം യെരുശലേമിൽ ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതു പോലെ ആകാശത്തു നിന്നു ഒരു മുഴക്കം ഉണ്ടായി; അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു. അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി

ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതു പോലെ അന്യഭാഷകളിൽ അവർ സംസാരിച്ചു തുടങ്ങി" (പ്രവൃത്തി 2:2-4). പരിശുദ്ധാത്മ സഹായത്താൽ അന്യഭാഷയിൽ അവർ സംസാരിച്ചപ്പോൾ അവിടെ കൂടി വന്നവർക്കു മനസ്സിലായി. അതു ദൈവത്തിന്റെ വൻ കാര്യങ്ങളായിരുന്നു. അല്ലാതെ അർത്ഥശൂന്യമായ ആവേശ പ്രകടനങ്ങൾ ആയിരുന്നില്ല. പരിശുദ്ധാത്മാവ് ദൈവികമായരീതിയിൽ മാത്രമേ പ്രവർത്തിക്കയുള്ളു.

അവിടെ കൂടിയിരുന്ന ആളുകളുടെ പ്രവർത്തി പാപമായിരുന്നു എന്നു അവരെ ബോധ്യപ്പെടുത്തിക്കൊടുത്തു. പത്രൊസിൽ കൂടെ വീണ്ടും പരിശുദ്ധാത്മാവ്, സന്ദേശം പുറപ്പെടുവിച്ചു. ആ സന്ദേശം കേട്ടു കഴിഞ്ഞപ്പോൾ ആളുകളുടെ ഹൃദയത്തിൽ കുത്തുകൊണ്ടു. മാത്രമല്ല അവരുടെ പ്രതികരണം ശ്രദ്ധിക്കുക. "സഹോദരന്മാരായ പുരുഷന്മാരെ, ഞങ്ങൾ എന്തു ചെയ്യേണ്ടു"? പത്രൊസ് അതിനു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി2:38). മൂവായിരം പേർ അന്നു മാനസാന്തരപ്പെട്ടു സ്നാനമേറ്റു. ഇതു പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായി സംഭവിച്ചതാണ്. കർത്താവിന്റെ രക്ഷാപദ്ധതി മാറിയില്ല. ഇന്നും ദൈവത്തിന്റെ രക്ഷാപദ്ധതി അതു തന്നെയാണ് .

പരിശുദ്ധാത്മ നിയോഗം പ്രാപിച്ചവരുടെ സന്ദേശം കേട്ടു വിശ്വസിച്ചവർ സ്നാനമേറ്റു അപ്പൊസ്തലന്മാരോടു ചേർന്നു വീണ്ടും വചനത്തിൽ തന്നെ നിലനിന്നു. ആത്മാവിന്റെ വചനത്തെ തള്ളിക്കളഞ്ഞവരും ഉണ്ടായിട്ടുണ്ട്. ജനങ്ങളുടെ ഹൃദയ കാഠിന്യമാണ് അതിനു കാരണം. പിന്നീട് സ്തെഫാനോസിന്റെ പ്രസംഗത്തിൽ പറയുന്നതു കേൾക്കുക: "ശാഠ്യക്കാരും ഹൃദയത്തിനും മനസ്സിനും പരിച്ഛേദന ഇല്ലാത്തവരുമായുള്ളോരേ നിങ്ങളുടെ പിതാക്കന്മാരെ പോലെ നിങ്ങളും എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തു നില്ക്കുന്നു" (പ്രവൃത്തി 7:51).

ഐത്യോപ്യക്കാരനായ ഒരാളുടെ പരിവർത്തനം പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലമായിരുന്നു എന്നാൽ അതെങ്ങനെ എന്നു നോക്കാം. ഫിലിപ്പോസിനെയാണ് സുവിശേഷം അറിയിക്കുവാൻ ആത്മാവ് നിയോഗിക്കുന്നത് (പ്രവൃത്തി 8:35). അവസാനം

സ്നാനമേൽക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച ഷണ്ഡൻ തന്റെ വിശ്വാസം ഏറ്റു പറയുകയും സ്നാനമേല്ക്കുകയും ചെയ്തു. പരിശുദ്ധാത്മാവ് പാപികളോടു നേരിട്ടു സംസാരിക്കയല്ല ചെയ്തതു, പിന്നെയോ സുവിശേഷകന്മാരെ ഉപയോഗിക്കുകയായിരുന്നു. മനുഷ്യരെ രക്ഷിക്കുവാൻ മനുഷ്യരെ ഉപയോഗിക്കും. പക്ഷെ അവർ ദൈവ പദ്ധതിയാണ് മനുഷ്യരെ അറിയിക്കേണ്ടത്. കാരണം ദൈവമാണ് മനുഷ്യരുടെ രക്ഷകൻ.

ഇന്നു മനുഷ്യ ഹൃദയങ്ങളെ മാറ്റുന്ന ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനേയും ആത്മാവിനേയും സന്ധിമജ്ജകളേയും വേറുവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളേയും ഭാവങ്ങളേയും വിവേചിക്കുന്നതും ആകുന്നു"(എബ്രായർ 4:12). ഒരാൾ ബൈബിൾ വിശ്വസിച്ച് വചന പ്രകാരം സ്നാനമേറ്റു കഴിയുമ്പോൾ ദൈവത്തിന്റെ ആത്മാവ് ആ വ്യക്തിയിൽ വസിപ്പാൻ ദൈവം നൽകും. തിരുവെഴുത്തുകൾ എഴുതിയവരെ സഹായിച്ച അതേ ആത്മാവ് തരുന്നതു നമ്മെ വിവേചിച്ചു മനസ്സിലാക്കി ജീവിക്കാൻ സഹായിക്കേണ്ടതിനാണ്.

"നാം ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാക്കളോടു കൂടെ സാക്ഷ്യം പറയുന്നു". ദൈവ വചനമനുസരിക്കുവാൻ ആത്മാവ് പ്രേരിപ്പിക്കുന്നു. പക്ഷെ ചിലർക്കു തടസ്സങ്ങൾ നേരിടുന്നു. സ്വതന്ത്രമായി ചിന്തിച്ചു തീരുമാനിക്കാൻ അവൻ അവസരം തരും. ഇന്നു ആത്മാവു പ്രവർത്തിക്കുന്നതു വചനത്തിൽ കൂടെയാണ്. നാം ഈ ഭൂമിയിലെ ജീവിതാന്ത്യത്തിൽ മരിക്കുന്നു. മരണശേഷം നമ്മുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നതു ക്രിസ്തുവിനെ ഉയിർപ്പിച്ച അതേ ആത്മാവാണ്. അതുകൊണ്ട് സത്യമായ വചനം നിങ്ങൾ കേൾക്കുമ്പോൾ നിഷേധിക്കാതെ അനുസരിക്കുക. പരിശുദ്ധാത്മാവിന് കീഴ്പ്പെട്ടുകൊണ്ട് ആത്മിക ജീവിതം നയിക്കേണ്ടത് കർത്താവിന്റെ സഭയിൽ വിശ്വസ്തത പുലർത്തിക്കൊണ്ടാവണം. ദൈവാത്മാവ് അവസാനം നമ്മെ സാക്ഷ്യപ്പെടുത്തണം. നാം നമ്മളിലുള്ള ആത്മാവിനെ ഒരിക്കലും നഷ്ടപ്പെടുത്തരുത്. ദൈവാത്മാവിനെ അനുസരിച്ചു ജീവിക്കുക.

★

# ഇടുങ്ങിയതും നേരായതുമായ വഴി
## J.C. വാറ്റ്കിൻസ്

ബൈബിളിൽ മനുഷ്യർക്കു ദൈവത്തിങ്കലേക്കു പ്രവേശിക്കുവാനുള്ള വഴി വ്യക്തമാക്കിയിട്ടുണ്ട്. സ്വർഗ്ഗത്തിലേക്കുള്ള വഴി ഒന്നുമാത്രമാണ് ഉള്ളത്. പക്ഷേ അധികം ആളുകളും വിചാരിക്കുന്നതു അവർ പോകുന്ന വഴി സ്വർഗ്ഗത്തിലെത്തും എന്നാണ്. ഒരു പക്ഷേ അവരുടെ പാരമ്പര്യ വിശ്വാസം കൊണ്ടാകാം. അല്ലെങ്കിൽ ശരിയായ അറിവുകൊണ്ടാകാം. എങ്കിലും കാര്യകാരണ സഹിതം നാം വിലയിരുത്തേണ്ട വിഷയമാണിത്. ചില ആളുകൾ പറയുന്നതു, "ദൈവം സ്നേഹവാനായ ദൈവമാണ്. ആരെയും ദ്രോഹിക്കാതെ ജീവിച്ചാൽ മാത്രം മതി" എന്നാണ്. ആത്മാർത്ഥമായി ജീവിച്ചാൽ അതു ദൈവത്തിന്നു പ്രസാദകരമാകും എന്നാണ് അവരുടെ നിഗമനം. പാപത്തിന്റെ ശിക്ഷയിൽ നിന്നു മോചനം പ്രാപിക്കുന്നതെങ്ങനെ എന്നതിനെക്കുറിച്ചും ആളുകൾക്കു അനേക പദ്ധതികൾ പറയുവാനുണ്ട്. എന്നാൽ മനുഷ്യർ എന്തു പറയുന്നു, എന്തു വിശ്വസിക്കുന്നു എന്നതല്ല, ദൈവം പറഞ്ഞിരിക്കുന്നതെന്താണെന്നു നാം തിരിച്ചറിയണം.

കാണാതെ പോയവരെ തിരഞ്ഞു രക്ഷിക്കുവാനാണ് മനുഷ്യപുത്രൻ വന്നത് (ലൂക്കോസ് 19:10). നമ്മുടെ ജീവനും ഭക്തിക്കും വേണ്ടുന്നതൊക്കെയും വെളിപ്പെടുത്തിയിരിക്കുന്ന സത്യവചനമാണ് നാം പരിശോധിച്ച് വിശ്വസിക്കേണ്ടത് (2 പത്രൊസ് 1:3). യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു മനുഷ്യരോടു ആവശ്യപ്പെട്ടതു എന്തെന്നു നോക്കുക. "നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ട്. എന്നാൽ എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു മനസ്സില്ല" (യോഹന്നാൻ 5:39-40). യേശുവിന്റെ കാലയളവിൽ യഹൂദന്മാർ വചനം പരിശോധിച്ചുവെങ്കിലും അവർ യേശുക്രിസ്തുവിൽ വിശ്വസിച്ചില്ല. സ്വർഗ്ഗത്തിൽ പോകുന്നവർ ആരെന്നു യേശു സ്പഷ്ടമാക്കിയിരുന്നു (മത്തായി 7:21). ആരാണ് നഷ്ടപ്പെടുന്നതെന്നും വ്യക്തമാക്കിയിരുന്നു.

ഇന്നു നാം ദുരുപദേശങ്ങളുടെ മദ്ധ്യത്തിലാണ് ജീവിക്കുന്നത്. ഒരുപോലെ തോന്നിക്കുന്ന വഴികൾ ധാരാളമുണ്ട്. പക്ഷേ കർത്താവു സകല മനുഷ്യർക്കുമായി ഒരുക്കിയതു ഒരേ ഒരു വഴി

മാത്രമാണ് (യോഹന്നാൻ 14:6). ക്രിസ്തുവിന്റെ കല്പനകളും ഉപദേശങ്ങളുമാണ് ആ ഏക വഴി. മനുഷ്യരേക്കാൾ ദൈവത്തെ വിശ്വസിക്കുക. മാനുഷികമായ ഉപദേശങ്ങളെ ത്യജിച്ച് ദൈവത്തിന്റെ ഉപദേശത്തെ അനുസരിക്കുക.

"ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു. ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്; അതു കണ്ടെത്തുന്നവർ ചുരുക്കമത്രെ" (മത്തായി 7:13, 14). ഇതിൽ നിന്നു വ്യത്യസ്തമായാണ് ഏതാനും ആളുകളുടെ വിശ്വാസം. യേശു പറഞ്ഞു, അനേകർ പോകുന്നതു വിശാലമായ വഴിയിൽ കൂടെ ആണെന്ന്. അവൻ പറഞ്ഞ നാശം എന്താണ്? അവസാനം ന്യായവിധിക്കു ശേഷം സംഭവിക്കുന്ന നിത്യനാശമാണ്. ദൈവത്തെ അറിഞ്ഞിട്ടും അവനെ മഹത്വപ്പെടുത്തുകയോ നന്ദികാണിക്കയോ ചെയ്യാത്തവർ, അവർക്കു മരണത്തിനു മുൻപു മാനസാന്തരപ്പെടുവാൻ കഴിഞ്ഞില്ലെങ്കിൽ കർത്താവു വരുമ്പോൾ നാശം തന്നെയാണ് ഫലം.

കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിന്നും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയവിഷയം അകേണ്ടതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസലൊനിക്യർ 1:6-10) നിത്യനാശം ഒഴിവാക്കുവാനുള്ള ഏക നേരായ വഴി കർത്താവിന്റേതാണ്. മനുഷ്യരുടേത് എളുപ്പമെന്നു തോന്നും പക്ഷെ അതു നിങ്ങളെ വേദനിപ്പിക്കും. സ്വർഗ്ഗീയ വഴിയിൽ കൂടെ പ്രവേശിക്കുവാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? നിങ്ങൾ പോകുന്ന വഴി കർത്താവു കാണിച്ചു തന്ന വഴിയാണോ? അതോ മനുഷ്യർ കാണിച്ചു തന്നതോ? ആരുടേയും ചതിയിൽ അകപ്പെട്ടുകൊണ്ട് നിങ്ങളുടെ ആത്മാവിനെ നഷ്ടപ്പെടുത്തരുത്.

ഒരു വ്യക്തി ദൈവത്തെ അറിയണം. ക്രിസ്തു നമുക്കു ദൈവത്തെ വെളിപ്പെടുത്തി തന്നിരിക്കയാണ്. രണ്ടാമതായി സുവിശേഷത്തിൽ വിശ്വസിക്കണം. ഈ ഭൂമിയിൽ നിയമം ലംഘിക്കാത്തവരായി ഒരു മനുഷ്യരുമില്ല (റോമർ 3:23). വ്യക്തിപരമായ ഓരോരുത്തരുടേയും പാപങ്ങൾക്കു വേണ്ടിയാണ് യേശു യാഗമായി തീർന്നതു. യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ നമ്മുടെ ഉദ്ധാരണത്തിനു വേണ്ടിയായിരുന്നു. നമുക്കു ആ യാഗത്തോടു ബന്ധപ്പെടുവാൻ ദൈവം അവസരം ഒരുക്കി. അങ്ങനെ ശിക്ഷയിൽ നിന്നു നമ്മെ മോചിക്കുന്നു. അതാണ് സുവിശേഷം. മനുഷ്യവർഗ്ഗത്തിനു ദൈവത്താൽ നല്കിയ സന്ദേശമാകുന്ന ബൈബിളിൽ നിന്നാണ് നമുക്കു ദൈവത്തെ അറിയുവാൻ കഴിയുന്നത്. ദൈവത്തിനു നമ്മോടുള്ള സ്നേഹം നിമിത്തമാണ് തന്റെ ഏകജാതനായ പുത്രനെ നമുക്കായി മരിപ്പാൻ അനുവദിച്ചത്. സർവ്വലോകത്തിന്റേയും പാപം അവന്റെ മേൽ ചുമത്തി. നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ അവൻ ജഡത്തിൽ ഏറ്റെടുത്തു (റോമർ 5:6–8).

ദൈവപുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു (എബ്രായർ 5:8–9). സുവിശേഷം എന്നതു രക്ഷക്കുള്ള ദൈവശക്തിയാണ് (റോമർ 1:16). അനുസരിക്കാതിരിക്കുന്നവർക്കു ആ ദൈവ ശക്തി ലഭിക്കുകയില്ല.

യേശു ക്രൂശിൽ മരിച്ചതു മനുഷ്യരെ രക്ഷിപ്പാനാണ്. ഒരുത്തൻപോലും നശിച്ചു പോകുന്നതു ദൈവത്തിനിഷ്ടമല്ലാത്തതു കൊണ്ടാണ് ദൈവം ഈ രക്ഷാപദ്ധതി തയ്യാറാക്കിയതു. ധാർമ്മികമായി നല്ല ജീവിതം നയിച്ചാൽ മതി എന്നതു മനുഷ്യരുടെ തത്വസംഹിതയാണ്. അപ്പോൾ ദൈവനീതി എന്തിന് എന്ന ചോദ്യം ഉയരുന്നു. ഒരു സത്യക്രിസ്ത്യാനിക്കു ആരും നഷ്ടപ്പെട്ടുപോകണമെന്നു താല്പര്യമില്ല. വെറുതെ ദൈവത്തെ വിളിച്ചപേക്ഷിച്ചാൽ അവർ സ്വർഗ്ഗത്തിൽ പോകയില്ല. പിതാവായ ദൈവത്തിന്റെ ഇഷ്ടം അനുസരിച്ചാൽ മാത്രമേ എല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കയുള്ളു. അതുകൊണ്ടു ഓരോരുത്തരും ക്രിസ്തുവിന്റെ സുവിശേഷം ഹൃദയ പൂർവ്വം അനുസരിച്ച് പാപങ്ങളിൽ നിന്നു മോചനം പ്രാപിക്കയും മരണത്തോളം വചനപ്രകാരം ജീവിക്കയും ചെയ്താൽ സ്വർഗ്ഗത്തിൽ പോകാം എന്നതിൽ സംശയമില്ല.

★

# മുന്തിരി വള്ളിയും കൊമ്പുകളും

## റ്റോം എം

യേശു, തന്റെ ശിഷ്യന്മാരെ പല രീതിയിലാണ് പഠിപ്പിച്ചിരുന്നതു. തന്റെ ഉപദേശങ്ങളിൽ അടങ്ങിയിരുന്ന ആത്മീയമായ അർത്ഥം മനസിലാക്കാൻ ഉപമകളിൽ സംസാരിച്ചിട്ടുണ്ട്. ചെടികളെയും വൃക്ഷങ്ങളെയും ചൂണ്ടി പാഠങ്ങളും പഠിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ യേശുവും തന്റെ ശിഷ്യന്മാരും തമ്മിലുളള ബന്ധത്തെ മനസിലാക്കി കൊടുക്കാൻ മുന്തിരിവള്ളിയെയും കൊമ്പുകളെയും സാദൃശ്യപ്പെടുത്തി സംസാരിക്കുകയുണ്ടായി. തന്റെ അവസാന ഘട്ടത്തിൽ യേശു ശിഷ്യന്മാരുമായി ചെലവഴിച്ചപ്പോൾ ധാരാളം നിർദ്ദേശങ്ങൾ നല്കുകയുണ്ടായി. അതു യോഹന്നാൻ 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങളിൽ ദൈവശ്വാസീയമായ വിവരണങ്ങൾ ഉണ്ട്. മരണത്തിനു മുൻപു യേശു തന്റെ ശിഷ്യന്മാരെ ആ സാഹചര്യം നേരിടുവാൻ ഒരുക്കുകയായിരുന്നു. അവരുടെ ചോദ്യങ്ങൾക്ക് അവൻ ഉത്തരം അരുളുകയും ചെയ്തു.

കുഞ്ഞാടു അറുക്കപ്പെടുവാനിരിക്കുന്നു. അവന്റെ മരണ ശേഷം യേശുവിന്റെ ദൗത്യം നിർവ്വഹിക്കേണ്ടവരായിരുന്നു അപ്പൊസ്തലന്മാർ. അതിനു വേണ്ടതായ നിർദ്ദേശങ്ങൾ കൊടുത്തു. പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ അവരിൽ അയക്കുമെന്ന് വാഗ്ദാനവും ചെയ്തു. മനുഷ്യപുത്രൻ മരണത്തിനു ഏല്പിക്കപ്പെടുമെന്നും അവർ അവനെ ക്രൂശിൽ തറെച്ചു കൊല്ലുമെന്നും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുമെന്നും അവൻ അവരോടു പറഞ്ഞിരുന്നു. അവൻ ഉപദ്രവിക്കപ്പെടുമെന്നും അവ ഉയിർത്തെഴുന്നേല്ക്കുമെന്നും അവൻ അവരോടു പറഞ്ഞിരുന്നു. അവൻ ഉപദ്രവിക്കപ്പെടുമെന്നും അവർ അറിയാൻ അവൻ ആഗ്രഹിച്ചിരുന്നു. ഇതെല്ലാം മുൻകൂട്ടി അറിയിച്ചതിന്റെ ഉദ്ദേശം അവർ വീണുപോകാതെ നില നില്ക്കേണ്ടതിനായിരുന്നു. മാളിക മുറിവിട്ടു ഒലിവുമലയിലേക്കു യാത്ര തിരിക്കുന്നതിനു മുൻപു യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞ ഉപമയാണ് മുന്തിരിവള്ളിയും കൊമ്പുകളും(യോഹന്നാൻ15:1-8). അവർക്കും പിന്നീടു വരുവാനുള്ള ആത്മാക്കൾക്കും സർവ്വകാലത്തിനുമായി കൊടുക്കുന്ന ഈ ഉപമ യേശുവും ശിഷ്യന്മാരുമായുള്ള ബന്ധത്തെ അവർ മനസിലാക്കുന്നതിനായിരുന്നു.

"ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവു തോട്ടക്കാരനും ആകുന്നു" (യോഹന്നാൻ 15:1). വാസ്തവത്തിൽ ശരിയായ മുന്തിരിവള്ളിയാണ് യേശു എന്നത് പ്രാധാന്യമുള്ള കാര്യമാണ്. കാരണം എല്ലാ കൊമ്പുകൾക്കുമുള്ള പോഷകാഹാരം ലഭിക്കുന്നതു മുന്തിരിവള്ളിയിൽ നിന്നാണ്. പഴയ നിയമകാലത്തു യഹൂദന്മാരായ യിസ്രായേൽ മക്കൾ ദൈവത്തിന്റെ മുന്തിരിത്തോട്ടമായിട്ടു അറിയപ്പെട്ടിരുന്നു(യെശയ്യാവ് 5:1–7). പക്ഷെ യിസ്രായേൽ ദേശം അധഃപതിച്ച മുന്തിരിത്തോട്ടമാണെന്നു അവരുടെ പ്രവാചകൻ അരുളിച്ചെയ്തിരുന്നു. ഇതിനു എതിരായി യേശു പറയുന്നു, അവനാണ് യഥാർത്ഥ മുന്തിരിവള്ളി എന്ന്. പിതാവു തോട്ടക്കാരനും അത്രെ. "എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ(പിതാവ്) നീക്കിക്കളയുന്നു"(യോഹന്നാൻ 15:2). കായ്ക്കാത്ത കൊമ്പ് ഒക്കെയും നീക്കം ചെയ്യുന്നതാണ്. കൊമ്പുകൾ എന്നു പറഞ്ഞിരിക്കുന്നതു ക്രിസ്ത്യാനികളെക്കുറിച്ചാണ് (15:5). ദൈവത്തെ പ്രസാദിപ്പിക്കേണ്ട നാം ഫലം കായ്ക്കേണം. നിഷ്ഫലന്മാരായി കാണുന്നവരെ ദൈവം നീക്കികളയും. ഫലം കായ്ക്കുന്നവരെ; അഭ്യാസത്തിലൂടെ പരിശീലനത്തിലൂടെ ആത്മീയമായി വളർത്തും. അവർ കൂടുതൽ ഫലം പുറപ്പെടുവിക്കും. വചന പരിജ്ഞാനത്തിലും ആത്മീയ സ്വഭാവത്തിലും വളരുമ്പോൾ അനേകം പേർ അതു അനുസരിക്കും.

ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു (യോഹന്നാൻ 15:3) ഇപ്പോൾ യേശു തന്റെ ഉപമ അല്പം നിർത്തി തന്റെ ശിഷ്യന്മാരുടെ ആത്മീയാവസ്ഥ ബോധ്യപ്പെടുത്തി കൊടുക്കുകയാണ്. അവരുടെ മുൻ കഴിഞ്ഞ പാപങ്ങൾ അവൻ ക്ഷമിച്ചു കൊടുത്തു. തിരുവചനത്താൽ ശിഷ്യന്മാർ തുടർച്ചയായി ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ശിഷ്യന്മാരുടെ ഉയർന്ന നിലവാരം നിലനിർത്തേണ്ടതിന്നു വചനം അത്യന്താപേക്ഷിതമാണ്. ദൈവവചനം അനുസരിക്കുന്നതിൽ കൂടെ ലഭിക്കുന്ന ശുദ്ധീകരണം ശിഷ്യന്മാരെ പ്രത്യേകതയുള്ളവരാക്കി മാറ്റുന്നു: പത്രൊസ് ഇതിനെ കുറിച്ചു പറയുന്നതു നമുക്കു വായിക്കാം. "എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ട് ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ.

കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (1 പത്രൊസ് 1:22–23).

"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും. എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല. ശുദ്ധീകരണത്തിനും ഫലം കായ്ക്കുന്നതിനുമുള്ള നിബന്ധന യേശു ഇവിടെ നല്കുന്നതു "എന്നിൽ വസിപ്പിൻ" എന്നാണ്. ഗലാത്യ ലേഖനത്തിൽ പൗലൊസ് പറഞ്ഞതു, "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിങ്ങൾ ദൈവത്തിന്റെ മക്കൾ ആകുന്നു" എന്നാണ് (ഗലാത്യർ3:27). കൊമ്പിന്റെ നിലനില്പും വാസ്തവത്തിലുള്ള മുന്തിരിവള്ളിയുമായുള്ള ബന്ധത്തിൽ ആശ്രയിച്ചിരിക്കുന്നു. നാം ക്രിസ്തുവിൽ വസിക്കയും ക്രിസ്തു നമ്മിൽ വസിക്കയും വേണം. വചനം അനുസരണമാണ് ഇതിനു മുഖ്യമായി വേണ്ടത്. തന്നിൽ വിശ്വസിച്ച യെഹൂദരോടു യേശു പറഞ്ഞതു: നിങ്ങൾ എന്റെ വചനത്തിൽ നിലനില്ക്കുന്നുവെങ്കിൽ വാസ്തവമായും നിങ്ങൾ എന്റെ ശിഷ്യന്മാരായി തീർന്നു എന്നാണ്. നമ്മുടെ ജീവിതം ദൈവ സന്നിധിയിൽ സ്വീകാര്യമാക്കേണ്ടതിനു അനുസരണം അനിവാര്യ ഘടകമാണ്.

"എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പു പോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങിപോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; അതു വെന്തു പോകും" (യോഹന്നാൻ 15:6). ക്രിസ്തുവിൽ വസിക്കാത്തവരുടെ ഫലം ആണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവമില്ല(2യോഹന്നാൻ9–10). വ്യക്തിപരമായ ഉത്തരവാദിത്വമാണ് ഓരോരുത്തർക്കുമുള്ളത്. നാം ഈ ഭൂമിയിൽ ദൈവവചനം അനുസരിച്ചു വസിക്കാൻ താല്പര്യപ്പെട്ടില്ലെങ്കിൽ ക്രിസ്തു നിങ്ങളിൽ വസിക്കാതിരിക്കും, നിങ്ങളെ നീക്കികളയും. അവസാനം തീയ്ക്കിരയാകും. നിത്യനരകത്തിലേക്കു തള്ളിക്കളയും. അവിടെ ഗന്ധകം കത്തുന്ന തീപ്പൊയ്കയാണുള്ളത്.

"നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പിൻ അതു നിങ്ങൾക്കു കിട്ടും" (യോഹന്നാൻ 15:7). ക്രിസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ അവന്റെ സഭയിലായിരിക്കുകയും അവനോടുള്ള കൂട്ടായ്മയിലും അടുത്ത ബന്ധത്തിലും ആയിരിക്കണം നാം ജീവിക്കേണ്ടത്. നാം ക്രിസ്തുവിൽ വസിച്ചാൽ, ക്രിസ്തു നമ്മിൽ വസിച്ചാൽ, ദൈവവചനം നമ്മിൽ വസിച്ചാൽ നാം ദൈവത്തോട് ഏന്തെങ്കിലും അപേക്ഷിച്ചാൽ അതു ലഭിക്കും. അങ്ങനെ മുന്തിരിവള്ളിയിൽ വസിക്കുന്നവർ ആവശ്യമില്ലാത്ത കാര്യങ്ങൾ ദൈവത്തിൽ നിന്ന് ആവശ്യപ്പെടുകയില്ല.

"നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു. അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും" (യോഹന്നാൻ 15:8). ശിഷ്യത്വത്തിന്റെ തെളിവാണ് ഫലം കായ്ക്കൽ (മത്തായി 7:15-20). വിശ്വസ്തരായ ശിഷ്യന്മാർ ദൈവത്തെ മഹത്വപ്പെടുത്തും. നാം വളരെ ഫലം പുറപ്പെടുവിക്കുമ്പോൾ അതു ദൈവത്തിനു മഹത്വമായിതീരുന്നു. യേശു നമ്മെ പഠിപ്പിച്ചിരിക്കുന്നതു, "അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"(മത്തായി5:16).

നിങ്ങൾ വാസ്തവത്തിലുള്ള മുന്തിരിവള്ളിയിലാണോ വസിക്കുന്നത്? ദൈവത്തിനു ഫലം കൊടുക്കുന്ന കൊമ്പായി തീരുക. കർത്താവിലും അവന്റെ തിരുവചനത്തിലും വസിച്ചുകൊണ്ട് ആത്മാക്കളെ ദൈവത്തിങ്കലേക്കു ബന്ധിപ്പിക്കുക. ഫലം അനുസരണത്തിലൂടെ പുറത്തുവരും.

നമ്മുടെ ഇന്നത്തെ വലിയ ആവശ്യങ്ങളിൽ ഒന്നാണ് നന്ദിയുണ്ടായിരിക്കുക എന്നത്. നാം വളരെ അധികം അനുഗ്രഹിക്കപ്പെട്ടവരാണ്. പക്ഷെ നാം ആ അനുഗ്രഹങ്ങളെ കാര്യമായി എടുത്തു സൂക്ഷിക്കേണ്ടവരാണ്. പൌലൊസ് എഴുതി: "എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു; സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല"(1 തിമൊഥെയൊസ് 4:4). എബ്രായ ലേഖകൻ പറഞ്ഞു, "ആകയാൽ ഇളകാത്ത രാജ്യം

പ്രാപിക്കുന്നതു കൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക" (എബ്രായർ 12:28). "കൊലൊസ്സ്യർ 2:7-ൽ പറഞ്ഞിരിക്കുന്നതു "സ്തോത്രത്തിൽ കവിഞ്ഞിരിപ്പിൻ" എന്നാണ്. ഈ പാഠം മനസ്സിനെ വിദ്യാഭ്യാസം നടത്തുവാനോ പറഞ്ഞിരിക്കുന്നതു?. ഹൃദയത്തെ ഇളക്കുവാനോ, മനസാക്ഷിക്കുത്തു ജനിപ്പിക്കുവാനോ ഉദ്ദേശിച്ചുള്ളതല്ല (2 പത്രൊസ് 1:12-13).

ലൂക്കൊസ് 17 പറയുന്നതു: "അവൻ യെരുശലേമിലേക്കു യാത്ര ചെയ്കയിൽ" ............... എന്നത്രെ (വാക്യം 11) ലൂക്കൊസിന്റെ സുവിശേഷത്തിൽ ഇതു മൂന്നാം പ്രാവശ്യമാണ് "അവൻ യെരുശലേമിലേക്കു യാത്ര ചെയ്കയിൽ എന്നു പറയുന്നത്. ക്രൂശിന്നുള്ള സമയമായി വരുന്നു. "ശമര്യക്കും ഗലീലക്കും നടുവിൽ കൂടി കടക്കുമ്പോൾ"(വാക്യം 11),"യേശു ശമര്യയുടേയും ഗലീലയുടേയും അതിരുകളിൽ കൂടെ സഞ്ചരിച്ചപ്പോൾ" എന്നാണ് മറ്റൊരു തർജ്ജിമ പറയുന്നത്. യേശു പടിഞ്ഞാറുള്ള യോർദ്ദാനിലേക്കു നടന്നു പോവുകയായിരിക്കാം. അവൻ ഒരു ഗ്രാമത്തിൽ ചെല്ലുന്നേരം (വാക്യം 12). ആ ഗ്രാമത്തിന്റെ പേർ ലൂക്കൊസ് നല്കുന്നില്ല; അതു അപ്രധാനമാണ്.

യേശു ഗ്രാമത്തിൽ ചെല്ലുന്നേരം "കുഷ്ഠരോഗികളായ പത്തു പുരുഷന്മാർ അവന്നു എതിർപെട്ടു അകലെ നിന്നുകൊണ്ടു" (വാക്യം 12), കുഷ്ഠരോഗികൾക്കു ടൗണിൽ പ്രവേശിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അവർക്കു വാതില്ക്കൽ വന്നു ഭിക്ഷ ചോദിക്കാമായിരുന്നു. ഈ കുഷ്ഠരോഗികൾ ഒരു പക്ഷേ യേശു പ്രവേശിക്കുന്ന ഗ്രാമത്തിന്റെ പ്രവേശനത്തിനടുത്തായിരുന്നിരിക്കാം ഉണ്ടായിരുന്നത്. ചുരുങ്ങിയതു ഒരാൾ ശമര്യക്കാരൻ ആയിരുന്നു (വാക്യം 16). യേശുവിന്റെ പിന്നീടുള്ള സംസാരത്തിൽ നിന്നു ശേഷിച്ചവരിൽ ഭൂരിഭാഗം അല്ലെങ്കിൽ എല്ലാവരും യഹൂദന്മാരായിരുന്നു എന്നു വ്യക്തം (വാക്യം 18). ഈ നശ്വരശത്രുക്കൾക്കുമേൽ ദുഃഖകരമായ സാഹചര്യമാണ് നേരിട്ടത്- യെഹൂദന്മാരും ശമര്യക്കാരും – ഒരുമിച്ചു: ജലപ്രളയം ഉയരുമ്പോൾ ആടുകളും ചെന്നായ്ക്കളും കൂട്ടമായി ഉണങ്ങിയ ചെറിയ ദ്വീപുകളിലേക്കു ഓടിക്കയറും.

ഈ സംഭവത്തെ മുഴുവനായി അഭിനന്ദിക്കുവാൻ ഈ പത്തു പുരുഷന്മാരുടെ രോഗത്തെക്കുറിച്ചു ചുരുക്കമായി നാം അറി

യേണ്ടതുണ്ട്. ബൈബിളിൽ കുഷ്ഠം എന്നു പറയുന്ന രോഗം ഭയാനകവും വേഗത്തിൽ പകരുന്നതുമാണ്. ഈ രോഗത്തെക്കുറിച്ചു പഠനം നടത്തിയവർ പറയുന്നതു കുഷ്ഠരോഗം അറപ്പുളവാക്കുന്ന കാഴ്ചയാണെന്നാണ്. ത്വക്കിനു നിറഭേദമാണ് ആദ്യം ഈ രോഗം വരുത്തുന്നത്- അതു ഇളം ചുവപ്പായി പിന്നെ തവിട്ടുനിറമായി മാറും, പിന്നെ കറുത്തു വരും. അതു വ്യണമായും മുറിവുകളായും ത്വക്കും എല്ലുകളും തകർത്തു നശിപ്പിക്കും. രണ്ടു വർഷങ്ങൾക്കുള്ളിൽ മരണവും തീർച്ചയായിരുന്നു.

നിങ്ങളുടെ മനസിൽ ഈ പത്തു പുറജാതിക്കാരെ കാണുക. കൈവിരലുകൾ മടങ്ങിപ്പോയതും , കൈകൾ ഇല്ലാത്തവരും, കണ്ണുകളും ചെവികളും മൂക്കും ഇല്ലാതായവർ, അഴുക്കുള്ള, എല്ലും തോലുമായിത്തീർന്ന, പരാജിതരും ആർക്കും വേണ്ടാത്തവരും; കുടുംബമില്ലാത്ത, ജോലിയില്ലാത്ത, സാധാരണത്വം നഷ്ടമായവർ എന്നിങ്ങനെ പലതും അവരെക്കുറിച്ചു പറയാം. കുഷ്ഠം ദുർബ്ബലമാക്കുകയും, ലജ്ജിപ്പിക്കുകയും ചെയ്യുന്നു.

12-ാം വാക്യം സൂചിപ്പിക്കുന്നതു: "അവർ അകലെ നിന്നുകൊണ്ടു" എന്നാണ്. ന്യായപ്രമാണപ്രകാരം കുഷ്ഠരോഗികൾ ദൂരെ മാറിനിൽക്കണം. എത്ര ദൂരമെന്നു കൃത്യമായി ന്യായപ്രമാണത്തിൽ പറയുന്നില്ല. എന്നാൽ ഒരു റബ്ബി നിർദ്ദേശിച്ചതു അമ്പതു ചുവടുകളായിരുന്നു. അതു ഉദ്ദേശം അമ്പതു കോൽ ഏകദേശം ഒരു ഗ്രൗണ്ടിന്റെ പകുതി ദൂരം - വളരെ ദൂരെ എന്നർത്ഥം.

ഈ പത്തു കുഷ്ഠരോഗികൾ യേശുവിനെ കണ്ടപ്പോൾ, അവരുടെ ശബ്ദം ഉയർന്നു (വാക്യം 13). രോഗകാഠിന്യം അവരുടെ ശബ്ദധമനികളെയും ബാധിച്ചിരിക്കുന്നു. ഈ രോഗത്തോടനുബന്ധമായി ക്ഷയവും ബാധിക്കാറുണ്ട്. ശബ്ദം പരുപരുത്തു തൊണ്ട അടഞ്ഞിരിക്കും. അമ്പതു കോൽ അകലെ നിന്നു വ്യക്തമല്ലാത്ത ശബ്ദത്തിൽ യേശുവിന്റെ ശ്രദ്ധ ആകർഷിക്കുവാൻ ആഗ്രഹിച്ചു എന്നതിൽ സംശയമില്ല. എന്നാൽ പ്രത്യേകിച്ചും അവർ കരുണക്കും ദയവിനും അവരെ മനസ്സിലാക്കുന്നതിനും അപേക്ഷിച്ചു. അവർ ശാരീരിക സൗഖ്യം മാത്രമല്ല ആവശ്യപ്പെട്ടതു; അവർക്കു മനസ്സിനും ആത്മാവിനും സൗഖ്യം ആവശ്യമായിരുന്നു.

14–ാം വാക്യം പറയുന്നതു, "അവൻ അവരെ കണ്ടപ്പോൾ അവൻ അവരോടു പറഞ്ഞു". യേശുവിന്നു ചുറ്റും ശബ്ദയമാനമായ ജനക്കൂട്ടം ഉണ്ടാവാം. ചിലപ്പോൾ ദൂരെ അവൻ അവരുടെ ശബ്ദം കേട്ടിരിക്കയില്ല. ഒടുവിൽ കേട്ടപ്പോൾ, അവൻ ചുറ്റും നോക്കിയപ്പോൾ ദൂരെ അവർ നിൽക്കുന്നതു കണ്ടിരിക്കാം. അവൻ അവരോടു "നിങ്ങൾ പോയി പുരോഹിതന്മാർക്കു നിങ്ങളെ തന്നെ കാണിപ്പിൻ എന്നു പറഞ്ഞു"(വാക്യം14).

മുൻപ് യേശു മറ്റൊരു കുഷ്ഠരോഗിയെ സൗഖ്യമാക്കി. ആ അവസരത്തിൽ യേശു അവനെ തൊട്ടു പറഞ്ഞു "സൗഖ്യമാക" (ലൂക്കൊസ് 5:13). ആ മനുഷ്യൻ സൗഖ്യമായശേഷം യേശു അവനോടു ന്യായപ്രമാണ പ്രകാരം പുരോഹിതന്നു അവനെ കാണിച്ചു കൊടുപ്പാൻ പറഞ്ഞു. പുരോഹിതന്മാരുടെ ജോലികളിൽ ഒന്നായിരുന്നു ആരോഗ്യ പരിശോധന എന്നത്. ഒരു കുഷ്ഠരോഗി സൗഖ്യമായി എന്നു പുരോഹിതൻ അവസാനമായി പറഞ്ഞാൽ അവനു ചില വഴിപാടുകൾ, യാഗങ്ങൾ നടത്തി സമൂഹത്തിൽ പുനഃപ്രവേശനം നടത്താം. അവനു പിന്നെ ഭവനത്തോടൊപ്പം ചേരുവാൻ വീട്ടിലേക്കു മടങ്ങാം, ജോലിയിലേക്കും പോകാം, ദേവാലയത്തിലേക്കും പോകാം.

ഈ സമയത്തു എങ്ങനെയായാലും, യേശു കുഷ്ഠരോഗികളുടെ അടുക്കൽ പോയി അവിടെ വെച്ചു സൗഖ്യമാക്കിയില്ല. പിന്നെയോ, അവൻ സൗഖ്യമായെന്ന പോലെ അവരെ പുരോഹിതന്മാർക്കു കാണിച്ചു കൊടുക്കാൻ പറഞ്ഞു (ഈ സംഭവത്തിന്റെ സ്ഥലനിർണ്ണയം നടത്തുന്നത് ഒരു തർജ്ജിമ പ്രകാരം ശമര്യക്കും ഗലീലക്കും ഇടയിലുള്ള അതിരുകൾ) ശരിയാണെങ്കിൽ – ഈ പത്തു കുഷ്ഠരോഗികൾക്കു ബഹുദൂരം യാത്ര ചെയ്തു വേണം യെരുശലേം വരെ എത്തുവാൻ.

ഈ സംഭവത്തിന്റെ അടുത്ത ഭാഗം ആവേശജനകമാണ്: "അവർ അങ്ങനെ പോകയിൽ തന്നെ ശുദ്ധരായിത്തീർന്നു"(വാക്യം14).ശമര്യക്കാരൻ തിരിഞ്ഞുനോക്കിയപ്പോൾ യേശുവിനെ കണ്ടു. ഞാൻ വിചാരിക്കുന്നതു, ഈ പത്തു കുഷ്ഠരോഗികൾ അധികദൂരം പോകുന്നതിനു മുൻപു തന്നെ സൗഖ്യമായി എന്നാണ്. അവരുടെ ശരീരം വീണ്ടും ആരോഗ്യം പ്രാപിച്ചതു എങ്ങനെയായിരിക്കുമെന്ന് ഒന്നു ഊഹിച്ചു നോക്കുക. അവരുടെ കണ്ണുകൾ, തൊണ്ടകൾ എന്നിവ സൗഖ്യമായി; പഴയ മുറിവുകൾ നീങ്ങി

ത്വക്കുകൾ ആരോഗ്യകരമായി തീർന്നു; പുതിയ എല്ലുകൾ രൂപപ്പെട്ടു; അവ പുതിയ പേശികൾ, പുതിയ ഞരമ്പുകളാൽ മൂടപ്പെട്ടു. രക്തധമനികളും ഉണ്ടായി; ശരീരം മുഴുവൻ പുതിയ ത്വക്കും രൂപപ്പെട്ടു. അവരുടെ ആരോഗ്യവും ശക്തിയും ശരീരം മുഴുവൻ സ്പന്ദിക്കാൻ തുടങ്ങി. അവരുടെ ഹൃദയങ്ങളിൽ എത്ര മാത്രം ആ വേശം വന്നിരിക്കും! "ഞാൻ വീണ്ടും പൂർണ്ണാരോഗ്യവാനായി", "എനിക്കു ഇനി വീട്ടിലേക്കു പോകാം". "എനിക്കു സമൂഹത്തിലേക്കു മടങ്ങാം". "എനിക്കു വീണ്ടും ദേവാലയത്തിൽ പോകാം".

ഈ പത്തു പുരുഷന്മാരുടെ സമാനതകൾ ശ്രദ്ധിക്കുക: (1) അവർക്കെല്ലാം ഒരേ ഭയാനകരോഗം ഉണ്ടായിരുന്നു. (2) അവരെല്ലാവരും അതിനു എന്തെങ്കിലും ചെയ്യണം എന്നു തീരുമാനിച്ചു (3) യേശുവിനു ഏതെങ്കിലും രീതിയിൽ തങ്ങളെ സഹായിക്കാൻ കഴിയും എന്നു എല്ലാവരും വിശ്വസിച്ചു. (4) അവർ എല്ലാവരും യേശുവിനോടു അപേക്ഷിച്ചു. (5) എല്ലാവരും യേശുവിനെ അനുസരിച്ചു പുരോഹിതന്മാർ എവിടെയോ അവിടേക്കു നടന്നു. (6) എല്ലാവരും സൗഖ്യമായി സമാനത അവിടെ തീരുന്നു. 15–36 വാക്യം ആരംഭിക്കുന്നതു: "അവരിൽ ഒരുത്തൻ" എന്നു പറഞ്ഞുകൊണ്ടാണ്. ഒരു നിമിഷ ശേഷം ആ മനുഷ്യൻ ശമര്യക്കാരനായിരുന്നു എന്നു നാം പഠിക്കും. "അവരിൽ ഒരുത്തൻ തനിക്കു സൗഖ്യം വന്നതു കണ്ടു മടങ്ങി വന്നു" (വാക്യം 15). പിന്നീടു അവൻ യേശു കല്പിച്ച സ്ഥലത്തേക്കു പോയിരിക്കും തീർച്ച ആദ്യം അവൻ എങ്ങനെയായാലും തന്റെ കവിഞ്ഞൊഴുകുന്ന അഭിനന്ദനം പ്രകടമാക്കാൻ ആഗ്രഹിച്ചു.

അവൻ "മടങ്ങിവന്നു, ദൈവത്തെ മഹത്വപ്പെടുത്തി" (വാക്യം15). യേശുവിന്നു ദൈവം സൗഖ്യമാക്കുവാനുള്ള ശക്തികൊടുത്തു എന്നു അവൻ മനസ്സിലാക്കി. അവൻ ദൈവത്തെ ഉച്ചത്തിൽ മഹത്വപ്പെടുത്തി (വാക്യം 15). ഒരു കുഷ്ഠരോഗിയുടെ പരുപരുത്ത ശബ്ദത്തോടെയല്ല, സൗഖ്യമുള്ള മനുഷ്യന്റെ ശക്തമായ ശബ്ദത്തോടെയാണ്. "അവന്റെ കാൽക്കൽ കവിണ്ണു വീണു അവന്നു നന്ദി പറഞ്ഞു"(വാക്യം 16). അവൻ യേശുവിന്റെ ദൈവികത്വത്തെ തിരിച്ചറിഞ്ഞു അവന്റെ കാൽക്കൽ വീണു അവനെ നമസ്കരിക്കുകയും

നന്ദി പറയുകയും ചെയ്തു. ഇവിടെ ഉപയോഗിച്ച ക്രിയ വർത്തമാന കാലത്തിലാണ്. അതു സൂചിപ്പിക്കുന്നതു മനുഷ്യൻ യേശുവിന്നു നന്ദി പറഞ്ഞുകൊണ്ടേയിരുന്നു എന്നാണ്.

അടുത്ത ചെറിയ വാക്കു വരുന്നത് ഞെട്ടലുളവാക്കുന്ന പ്രസ്താവനയായിട്ടാണ്. "അവനോ ശമര്യക്കാരൻ ആയിരുന്നു". പലപ്പോഴും നമുക്കു അഭിനന്ദനം ലഭിക്കുന്നതു, അതു നാം ചുരുക്കമായി പ്രതീക്ഷിക്കുന്നവരിൽ നിന്നാണ്. നാം കൂടുതൽ നന്ദി പ്രതീക്ഷിക്കുന്നവർ നമ്മുടെ പരിശ്രമങ്ങൾ കാര്യമായി എടുക്കാതെയുമിരിക്കും.

17-ാം വാക്യത്തിലെ യേശുവിന്റെ ശബ്ദത്തിൽ അടങ്ങിയ ദുഃഖം നിങ്ങൾക്കു കേൾക്കാൻ കഴിയുന്നുണ്ടോ? "പത്തു പേർ ശുദ്ധരായി തീർന്നില്ലയോ? ഒമ്പതുപേർ എവിടെ? ഒരാൾ അവരെല്ലാവരും മടങ്ങിവന്നു പെട്ടെന്നു ഒരു സംഘമായി ചേർന്ന് സങ്കീർത്തനം 103 പാടുമെന്നു വിചാരിച്ചിരിക്കാം.

എൻമനമേ യഹോവയെ വാഴ്ത്തുക;
എന്റെ സർവ്വാന്തരംഗവുമേ, അവന്റെ
വിശുദ്ധനാമത്തെ വാഴ്ത്തുക. എൻമനമേ
യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ
ഒന്നും മറക്കരുത്; അവൻ നിന്റെ അകൃത്യം
ഒക്കെയും മോചിക്കുന്നു; നിന്റെ സകല രോഗങ്ങളേയും
സൗഖ്യമാക്കുന്നു; അവൻ നിന്റെ ജീവനെ നാശ
ത്തിൽ നിന്നു വീണ്ടെടുക്കുന്നു.
അവൻ ദയയും കരുണയും
നിന്നെ അണിയിക്കുന്നു. നിന്റെ യൌവനം
കഴുകനെ പോലെ പുതുകി വരത്തക്കവണ്ണം

അവൻ നിന്റെ വായ്ക്കു നന്മകൊണ്ടു തൃപ്തി വരുത്തുന്നു (വാക്യം 1 മുതൽ 5 വരെ).

★

## വാർത്തകൾ

### ഹൃദയമില്ലാത്ത മരണം വിപിനെയും എടുത്തു, അമ്മയെ തനിച്ചാക്കി

#### മാറ്റിവച്ച ഹൃദയത്തിനും ആയുസ് നീട്ടിനൽകാനായില്ല

മാറ്റിവച്ച ഹൃദയത്തിനും ആയുസു നീട്ടിനൽകാനാവാതെ വിപിൻ (26) മണത്തിനു കീഴടങ്ങിയപ്പോൾ ജീവിതം മുഴുവൻ താങ്ങായി നിന്ന അമ്മ നിർമ്മല ഒറ്റക്കായി.

സംസ്ഥാനതല രണ്ടാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായ പൊൻകുന്നം സ്വദേശി വിപിനെ ശ്വാസകോശത്തിൽ അണുബാധയുണ്ടായതിനെ തുടർന്ന് കഴിഞ്ഞ ദിവസമാണു മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇതിനിടെ വൃക്കകളുടെ പ്രവർത്തനവും തകരാറിലായി. ഇന്നലെ പുലർച്ചെ വിപിന്റെ ഹൃദയസ്പന്ദനം നിലയ്ക്കുമ്പോൾ അമ്മ നിർമ്മലയുടെ അവസാന പ്രതീക്ഷയും അറ്റു.

പൊൻകുന്നം തെക്കേത്തലക്കൽ കുളങ്ങരയിൽ നിർമ്മലയുടെ ഏകമകനാണ് വിപിൻ. കഴിഞ്ഞ ഒക്ടോബർ എട്ടിനായിരുന്നു വിപിന്റെ ഹൃദയം മാറ്റിവച്ചത്. ബൈക്കപകടത്തിൽ മരിച്ച ആലപ്പുഴ രണ്ടുതയ്യിൽ അനുപിന്റെ ഹൃദയമാണ് വിപിന്റെ ശരീരത്തിൽ തുന്നിച്ചേർത്തത്. എഴുപതു ദിവസത്തെ ആശുപത്രി വാസത്തിനുശേഷം ആരോഗ്യവാനായി ആശുപത്രി വിട്ട വിപിന്റെ വിയോഗം അപ്രതീക്ഷിതമായിരുന്നു.

★

### മണ്ണിനടിയിൽ നിന്ന് ആളെ രക്ഷിക്കാൻ നായ

ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും മറ്റും മണ്ണിനടിയിലാകുന്ന ഹതഭാഗ്യരെ മണത്തു കണ്ടുപിടിക്കാൻ പരിശീലനം ലഭിച്ച നായയെ തിരുവനന്തപുരം റയിൽവേ ഡിവിഷൻ സ്വന്തമാക്കി. ഗ്വാളിയറിലെ ബി.എസ്.എഫ് കേന്ദ്രത്തിലായിരുന്നു ഡോബർമാൻ ഇനത്തിൽ പെട്ട ജാൻസിക്കു പരിശീലനം. സംസ്ഥാനത്ത് ഇത്തരം പരിശീലനം നേടിയ ആദ്യ നായ.

★

## മാതൃകാ പാർല.സമ്മേളനത്തിൽ ചരിത്രസ്മൃതികൾ ഉണർന്നു

### പട്ടണത്തിന്റെ കൊച്ചുമകൻ സ്പീക്കറായി, നബീസ ഉമ്മാളിന്റെ ചെറുമകൾ രാഷ്ട്രപതിയും

തിരുവനന്തപുരം: 'രാഷ്ട്രപതിയുടെ നയപ്രഖ്യാപനം' നടക്കുമ്പോൾ ഡസ്കിലടിച്ചും ആരവമുയർത്തിയും ഭരണപക്ഷം; സഭയുടെഅന്തസ് കാത്ത് പ്രതിപക്ഷവും. പാർലമെന്റ് നടപടിക്രമങ്ങൾ മുന്നേറുമ്പോൾ അതിഥികളുടെ ഗ്യാലറിയിൽ കാഴ്ചക്കാരായി സംസ്ഥാനനിയമസഭാ സ്പീക്കറും വിശിഷ്ടാതിഥികളും. ചരിത്ര സ്മൃതികൾ ഉണർത്തി സെക്രട്ടേറിയേറ്റിലെ പഴയ നിയമസഭാമന്ദിരം മണിക്കൂറുകൾ സഭാനടപടികളുടെ ചിട്ടവട്ടങ്ങളാൽ മുഖരിതമായി. ഇക്കുറി വിദ്യാർത്ഥികളുടെ മോഡൽ പാർലമെന്റായിരുന്നുവെന്നുമാത്രം. എങ്കിലും, നടപടിക്രമങ്ങൾ പാർലമെന്റിലെപ്പോലെ തന്നെ.

★

## വിശ്വശാന്തി ആരും തേടുന്നില്ല: മാർത്താണ്ഡവർമ

ചേങ്കോട്ടുകോണം: വിശ്വശാന്തിയുണ്ട്; പക്ഷേ, നാമതിനെ തേടുന്നില്ലെന്ന് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ. ചേങ്കോട്ടുകോണം ശ്രീരാമദാസ ആശ്രമത്തിൽ ശ്രീരാമനവമി ഹിന്ദു സമ്മേളനത്തോടനുബന്ധിച്ചു വിശ്വശാന്തി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിശ്വശാന്തി കൈവരുത്താൻ എളുപ്പവും ബുദ്ധിമുട്ടുമാണെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം പാശ്ചാത്യ രാജ്യങ്ങളേക്കാൾ പ്രാചീന ഭാരതത്തിന് ഉൽകൃഷ്ട ജീവിതമുണ്ടായിരുന്നതിന്റെ അടിസ്ഥാനം ഇതിഹാസാദി മഹാകാവ്യങ്ങളാണെന്ന് ഓർമ്മിപ്പിച്ചു. വിശ്വശാന്തി മന്ത്രങ്ങൾ നിറഞ്ഞു തുളുമ്പുന്ന ബൈബിൾ മാതൃകയാക്കിയാൽ അശാന്തിക്കും പരിഹാരമുണ്ടാകുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഒ. രാജഗോപാൽ അധ്യക്ഷത വഹിച്ചു. സ്വാമി കൃഷ്ണാനന്ദ സരസ്വതി പ്രഭാഷണം നടത്തി. ഡോ.പൂജപ്പുര കൃഷ്ണൻ നായർ, ഭാർഗവറാം തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനം ഇന്നു വൈകിട്ട് 4.30ന് ആറാട്ടോടെ സമാപിക്കും.

★

## തദ്ദേശ സ്ഥാപന അധ്യക്ഷൻമാരെ നേരിട്ടു തിരഞ്ഞെടുക്കാനിടയില്ല

തിരുവനന്തപുരം:- പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷന്മരെ നേരിട്ടു തിരഞ്ഞെടുക്കണമെന്നു കെ.പി.സി.സി ഉപസമിതി ശുപാർശ നൽകിയെങ്കിലും ഇതു നടപ്പാക്കാൻ സാധ്യതയില്ല. യു.ഡി.എഫ് ഘടക കക്ഷികൾക്ക് ഇതിനോടു യോജിപ്പില്ലാത്തതാണു കാരണം. ഇടതു മുന്നണിയും നേരി ട്ടുള്ള തിരഞ്ഞെടുപ്പിനെ അനുകൂലിക്കാത്തതിനാൽ ഇക്കാര്യത്തിൽ രാഷ്ട്രീയ പ്പാർട്ടികൾക്കിടയിലുള്ള അഭിപ്രായ ഐക്യവും അസാധ്യമായി.

★

## ഒറ്റപ്പെടലിന്റെ വേദനയിൽ

അറുപതു വയസ്സ് കഴിഞ്ഞാൽ ജീവിതത്തിന്റെ നല്ല കാലം തീർന്നു എന്ന മട്ടിലായിരുന്നു പണ്ട്. പിന്നെ ആധ്യാത്മിക ജീവിതം നയിക്കാം. അല്ലെങ്കിൽ പേരക്കുട്ടികളെയും നോക്കി വീട്ടിലൊരു കോണിൽ ഒതുങ്ങിക്കൂടാം. ആ പ്രായത്തിൽ ഒരു വിവാഹമോ, പുനർവിവാഹമോ കേട്ടുകേൾവി പോലുമില്ലായിരുന്നു..

ആ കാലം മാറി. സജീവമായിരുന്ന സാമൂഹിക ജീവിത ത്തിൽ നിന്ന് ഒരു സ്വയം വിരമിക്കൽ സാധാരണമായി പലരും ഇന്നു കാംക്ഷിക്കുന്നില്ല. അതുമായി പൊരുത്തപ്പെടാൻ കഴിയില്ല എന്നതു തന്നെ കാരണം. വിരമിച്ചു ചെല്ലുന്നതു വല്ലാത്തൊരു ഒറ്റപ്പെടലിലേയ്ക്കാകാം.

★

## ആഫ്രിക്കൻ കാട്ടിൽ ഹാരിക്കും പപ്പരാസി ശല്യം

ലണ്ടൻ: ആഫ്രിക്കയിലെ ബോട്സ്വാനിയിൽ വനത്തിലെ സാഹസയാത്രക്കിടെ ടാബ്ലോയ്ഡ് പത്രങ്ങളുടെ ഫോട്ടോഗ്രാഫർമാർ (പാപ്പരാസി) ഹാരി രാജകുമാരനെ വാഹനത്തിൽ ശല്യം ചെയ്തുവെന്ന് ആരോപണം. അച്ഛൻ ചാൾസ് രാജകുമാരന്റെ കൊട്ടാരമായ കെൻസിങ്ടൺ ബ്രിട്ടീഷ് പ്രസ് കംപ്ലെയിന്റ്സ് കമ്മീഷനെ ഇക്കാര്യം അറിയിച്ചുവെങ്കിലും ഔദ്യോഗികമായി പരാതി നൽകിയിട്ടില്ല.

ദക്ഷിണാഫ്രിക്കക്കാരിയായ ഗേൾ ഫ്രണ്ട് ചെൽസി ഡേവിയുമൊത്തു തുറന്ന സഫാരി ജീപ്പോടിച്ചു പോകുമ്പോഴാണു ജീവനു ഭീഷണിയാകാവുന്ന വിധത്തിൽ ഹാരിക്കു പപ്പരാസി ശല്യമുണ്ടായത്.

★

## മാർക്ക് കൂടുതൽ കിട്ടിയാലും കുറ്റം: സ്പീക്കർ

തിരുവനന്തപുരം: എസ്.എസ്.എൽ.സി. പരീക്ഷയ്ക്കു മാർക്കു കൂടിയാൽപോലും കുറ്റം കണ്ടെത്തുന്ന കാലമാണിതെന്നു സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ.

അന്വേഷണാത്മക പത്രപ്രവർത്തനത്തിനുള്ള എം.ആർ. മാധവവാര്യർ പുരസ്കാരം ദീപികയിലെ റെജി ജോസഫിനു സമ്മാനിക്കുകയായിരുന്നു സ്പീക്കർ.

★

## മീരാ ജാസ്മിന്റെ സഹോദരിയുടെ മകൾക്ക് അമ്മയോടൊപ്പം കഴിയാമെന്നു വനിതാ കമ്മീഷൻ

പത്തനംതിട്ട: ഭർത്താവ് മകളെ തന്നിൽനിന്ന് അകറ്റി നിർത്തിയിരിക്കുകയാണെന്ന് ആരോപിച്ചു ചലച്ചിത്രതാരം മീരാജാസ്മിന്റെ സഹോദരി ജെന്നി സൂസൺ നൽകിയ പരാതിയിൽ വനിതാ കമ്മീഷൻ തീർപ്പുകൽപ്പിച്ചു.

എട്ടു വയസുകാരി മിഷേൽ താൽപര്യപ്പെടുന്ന ദിവസങ്ങളോളം അമ്മ ജെനിയോടൊപ്പം കഴിയാമെന്നാണു വനിതാ കമ്മീഷൻ ഉത്തരവായത്. റാന്നി മാമ്മൂട് സ്വദേശിയായ ഭർത്താവ് മകളെ തന്നിൽനിന്ന് അകറ്റി നിർത്തിയിരിക്കുകയാണെന്ന് ആരോപിച്ചാണു കൊച്ചി പനമ്പള്ളിനഗറിലെ ജെനി സൂസൺ പരാതി നൽകിയത്. പിണങ്ങി കഴിയുന്ന ജെനിയെയും ഭർത്താവിനെയും ഒരുമിപ്പിക്കാൻ വനിതാ കമ്മീഷൻ ശ്രമം നടത്തിവരികയായിരുന്നു. ജെനി ടി.വി. ചാനലുകളിൽ നടത്തിവരുന്ന പരിപാടികളിൽ നിന്നു പിൻമാറിയാൽ കുട്ടിക്കൊണ്ടു പോകാമെന്നു ഭർത്താവ് അറിയിച്ചെങ്കിലും ജെനി തയ്യാറായില്ല. തുടർന്നു മകൾക്കൊപ്പം പിതാവ് വീണ്ടും വനിതാ കമ്മീഷനു മുന്നിൽ ഹാജരായി. കുട്ടിയുമായി വനിതാ കമ്മീഷൻ അംഗങ്ങൾ സംസാരിച്ചശേഷമാണു മാതാവിനൊപ്പം അയയ്ക്കാൻ തീരുമാനിച്ചത്.

★

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M.-7:00 A.M. and Thursdays, 6:45 A.M- 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Firday 3:45 - 4.00 P.M. Speaker : P. K.Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays, Thursdays, Fridays 5:30 P.M. to 5.45 P. M. Speaker: P.R. Swamy, Box 8405, Bangalore- 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P. M - 2:15 P. M. Speaker, Joshua Gootam, Box-80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your langauage. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Price of Single Copy: Rs.4**
Annual subscription : Rs. 50/-
Reg. No.K. Dis. 90095/86/A8. Reg. No. KL(N) 22/2003-2005
Licensed to post without prepayment No. Tech/62-2 TV(N) 40/2005

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday - worship -10.00 am**
**Tuesday - Bible Study - 6.00 pm**

**ALL ARE WELCOME**

All correspondence should be sent to the Editor, The Bible Truth
Post Box No. 5540, Trivandrum-34, Kerala, India.

*From*

**THE BIBLE TRUTH**
**Church of Christ**
Thampuranmukku,
Trivandrum-35
Kerala, India.
Phone : 2303378

*To*